നിറയ്ക്ക് 2013 സെപ്റ്റംബർ 4-ാം തീയതി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ 2 മാസം കൊണ്ട് അതിന്റെ ഡിസൈൻ തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും നാളിതുവരെ അതിന്റെ പ്രവർത്തനം എവിടെയും എത്തിയിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ചാലിയാറിന് കുറുകെ എടവണ്ണ, പന്നിപ്പാറ, പള്ളിമുക്ക് ഭാഗത്തായി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ, പള്ളിമുക്കിൽ ചാലിയാറിനു കുറുകെ ഒരു വിയർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് നൽകുകയും പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ഒരു റെഗുലേറ്റർ നിർമ്മിക്കുന്നതാണ് അനുയോജ്യമെന്ന് കണ്ടെത്തുകയും ചെയ്തു. 15-3-2014-ൽ ഇതനുസരിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭിക്കുകയും അതുപ്രകാരം ഡിസൈൻ തയ്യാറാക്കി വരികയുമാണ്. എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്, അത് ഏറ്റവും വേഗം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## 9. ആദിവാസി യുവാവിന്റെ മരണം

ശ്രീ. കെ. രാജു: സർ, ഇന്നവത്തെ എല്ലാ ദിനപത്രങ്ങളിലും അച്ചടിച്ചു വന്ന ഒരു വാർത്തയുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആദിവാസി യുവാവ് ചികിത്സ കിട്ടാതെ മരിച്ചു. ചിത്രം സഹിതമാണ് വാർത്ത അച്ചടിച്ചു വന്നത്. അച്ചൻകോവിലിൽ ചികിത്സാസൗകര്യമില്ലാത്തതുമൂലം ആദിവാസി യുവാവ് മരിച്ച സംഭവമാണ്. മിനിഞ്ഞാന്ന് ഈ ആദിവാസി യുവാവിനെ പനിയും നെഞ്ചുവേദനയും അനുഭവപ്പെട്ടതുകൊണ്ട് അച്ചൻകോവിലിൽ നിന്ന് പുനലൂർ താലൂക്കാശുപത്രിയിലേക്ക് കൊണ്ടുവന്നു. പക്ഷെ ജീപ്പിൽ കൊണ്ടുവരുന്ന വഴിക്കുതന്നെ യുവാവ് മരിച്ചു. അതുകൊണ്ട് പോസ്റ്റുമോർട്ടം ചെയ്യുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുവരേണ്ടിവന്നു. ഇത് ഒരു സ്ഥിരം സംഭവമായി മാറിയിരിക്കുകയാണ്. പുനലൂർ താലൂക്കാശുപത്രിയും ആദിവാസികൾ തിങ്ങിപ്പാർക്കുന്ന മേഖലയായ അച്ചൻകോവിൽ, ആര്യങ്കാവ് പ്രദേശവും തമ്മിൽ 70 കിലോമീറ്റർ ദൂരമുണ്ട്. ഇതുപോലെയുള്ള സീരിയസ്സായ അസുഖം വന്നാൽ അവരെ താലൂക്കാശുപത്രിയിൽ എത്തിക്കുന്നതിനുള്ള സമയം, വാഹന സൗകര്യമില്ലായ്മ ഇതൊക്കെ വലിയ പ്രശ്നമായി തീരുന്നുണ്ട്. ഞാൻ പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നത്, പട്ടികവർഗ്ഗ വികസന വകുപ്പിന്റേതായി ഒരു ആംബുലൻസ് സർവ്വീസ് അച്ചൻകോവിൽ പി.എച്ച്. സെന്ററിലോ, പട്ടികവർഗ്ഗ എക്സ്റ്റൻഷൻ ഓഫീസിലോ ആരംഭിക്കണം. പുനലൂരിൽ നിന്ന് ആംബുലൻസ് അച്ചൻകോവിലിൽ എത്തുന്നതിന് രണ്ടര മണിക്കൂർ സമയമെടുക്കും. പിന്നീട് രോഗിയെ പുനലൂരിൽ എത്തിക്കുമ്പോൾ രോഗി കാലാവശേഷനാകുന്ന സ്ഥിതിയാണുള്ളത്. മരിച്ചയാൾ യുവാവാണ്, അദ്ദേഹത്തിന് ഭാര്യയും രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മക്കളുമുണ്ട്. ഈ മരണത്തോടുകൂടി ആ കുടുംബം അനാഥമായിരിക്കുകയാണ്. ചികിത്സ കിട്ടാതെ മരിക്കാനിടയായ സാഹചര്യം കണക്കിലെടുത്ത് ഗവൺമെന്റ് ആ കുടുംബത്തിനെ സംരക്ഷിക്കുന്നതിനാവശ്യമായ ധനസഹായം നൽകാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി. പി. കെ. ജയലക്ഷ്മി): സർ, പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ നിവാസിയായ രാജു എന്ന യുവാവിനെ ദേഹാസ്വാസ്ഥ്യത്തിന് ചികിത്സിക്കുന്നതിനായി 7-7-2014-ന് പുലർച്ചെ 5 മണിക്ക് അച്ചൻകോവിൽ ഹോളിക്രോസ്സ് കോൺവെന്റിൽ എത്തിക്കുകയും അവിടെ ഡോക്ടറോ, നഴ്സോ ആരുമില്ലാത്തതിനാൽ വീട്ടിലേക്ക് മടങ്ങുകയും ചെയ്തു. 8-7-2014-ന് പുലർച്ചെ 5.30-ന് നെഞ്ചുവേദന അനുഭവപ്പെട്ടപ്പോൾ യുവാവിനെ അച്ചൻകോവിൽ ഫ്രൈമറി ഹെൽത്ത് സെന്ററിലും ഒരു സ്വകാര്യ ക്ലിനിക്കിലും എത്തിച്ചുവെങ്കിലും അവിടേയും ഡോക്ടറോ, മതിയായ ചികിത്സാ സൗകര്യങ്ങളോ ഇല്ലായിരുന്നതിനാൽ പ്രദേശത്തുള്ള ഒരു നാട്ടുവൈദ്യനെ സമീപിക്കുകയും, വൈദ്യൻ നൽകിയ ഇൻജക്ഷനെത്തുടർന്ന് രാജുവിന് കഠിനമായ വേദന അനുഭവപ്പെടുകയും തുടർന്ന് പുനലൂർ താലൂക്കാശുപത്രിയിൽ കൊണ്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ ടിയാൻ മരണപ്പെടുകയാണുണ്ടായത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച, അച്ചൻകോവിലിലെ സാഹചര്യം നമുക്കറിയാവുന്നതു കൊണ്ട് അവർക്ക് പ്രത്യേകമായി ഒരു ആംബുലൻസ് അനുവദിക്കും. മരണപ്പെട്ട രാജുവിന്റെ കുടുംബത്തിന് സാന്ത്വനിക സഹായം നൽകുന്നതാണ്.

**10. ത്രിതല പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും മുൻ അംഗങ്ങൾക്ക് പെൻഷൻ**

ശ്രീ. സി. മോയിൻകുട്ടി: സർ, ഈ രാജ്യത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണ് എന്ന മഹത്തായ സന്ദേശം മഹാത്മജി പങ്കുവച്ചത് ഈ രാജ്യത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിലൂടെയാണ്. അവരാണ് അതിന് നേതൃത്വപരമായ പങ്കുവഹിച്ചിട്ടുള്ളത്. കൈപൊക്കി വോട്ടുചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. 1963 മുതൽ പഞ്ചായത്ത് മെമ്പർമാരായവരേയും കോർപ്പറേഷൻ-മുനിസിപ്പൽ കൗൺസിലർ ആയിട്ടുള്ള ആളുകളേയും ഓർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവരിൽ പലരും മരണപ്പെടുകയും അല്ലാത്തവർ രോഗശയ്യയിലും അവശതയിലുമാണ്. ഒരുതുള്ളി മരുന്നിനോ കഞ്ഞിക്കോ വകയില്ലാതെ പട്ടിണി പാവങ്ങളായിട്ടുള്ള നിരവധി ആളുകളെ എനിക്ക് നേരിട്ടറിയാം. ഇത്തരം ആളുകൾ ഇന്ന് വളരെയേറെ ദുരിതത്തിലാണ്. ഈ സഭ ഒന്നടങ്കം, രണ്ട് ഭാഗത്തുമുള്ള ആളുകൾ ഇത് സംബന്ധിച്ച ഐക്യദാർഢ്യം പറഞ്ഞിട്ടുള്ളതാണ്. ഒരു വരുമാനവുമില്ലാത്ത കാലത്താണ് ഇവർ ജനങ്ങളെ സേവിച്ചിട്ടുള്ളത്. നിത്യവൃത്തിക്കുപോലും വകയില്ലാത്ത ഈ പാവങ്ങളോട് സഭയിലെ ഇരു വിഭാഗവും പൂർണ്ണമായി സഹകരിച്ച് ഇവരെ പ്രത്യേകമായി പരിഗണിക്കണമെന്ന് സഭയിൽ പലപ്രാവശ്യം ആവശ്യപ്പെട്ടതാണ്. ഈ വിഷയം ഗൗരവമായി കാണണം. യാതൊരു വരുമാനവുമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly